**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **29-07-2021 - ൽ മറുപടിയ്ക്ക്**

**എസ്.ടി.എസ്.ബി. അക്കൗണ്ടിലെ നിക്ഷേപത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് എസ്.ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിച്ച തുക പിന്നീട് തിരിച്ചെടുത്ത വിഷയം പബ്ലിക് എക്സ്പൻഡിച്ചർ റിവ്യൂ കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ കെ.പി.ഇ.ആർ.സി. യുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (എ) | പരിശോധിച്ചിട്ടുണ്ട്. 2017-18 ലെ Finance Accounts ൽ ഫണ്ടുകൾ തിരിച്ചെടുക്കൽ സംബന്ധിച്ച് C&AG നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ നാലാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അതിന്റെ 4-ാം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ബജറ്റ് വിഹിതം നഷ്ടമാകുന്നത് ഒഴിവാക്കുന്നതിനായി വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തികവർഷാവസാനം സഞ്ചിതനിധിയിലെ ചെലവഴിക്കാത്ത തുക എസ് ടി എസ് ബി അക്കൗണ്ടുകളിലേയ്ക്ക് മാറ്റി ക്രെഡിറ്റ് ചെയ്യുന്നത് വർഷങ്ങളായി തുടർന്നു വന്നിരുന്നു എന്ന് നാലാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അതിന്റെ നാലാം റിപ്പോർട്ടിൽ നിരീക്ഷിക്കുകയുണ്ടായി. ബജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് വിമർശനങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടിയാണ് ആയത് എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതെന്നും ഇത് ധന നിയന്ത്രണത്തേയും ധന ആസൂത്രണത്തെയും സാരമായി ബാധിക്കുമെന്നും ഇപ്രകാരം ചെയ്യുന്നതു കൊണ്ട് വരും വർഷങ്ങളിൽ ബജറ്റ് തുകയോടൊപ്പം എസ്.ടി.എസ്.ബി അക്കൗണ്ടിലെ ബാക്കി തുകയും വകുപ്പുകൾക്ക് ചെലവാക്കാൻ സാധിക്കുമെന്ന് കമ്മിറ്റി വിലയിരുത്തി. ഇത് മൂലം വകുപ്പുകളുടെ ചെലവുകളുടെ സുതാര്യത നഷ്ടമാകുന്നുവെന്നും അവ ഉചിതമായ പരിശോധനയ്ക്ക് വിധേയമാകുന്നില്ലെന്നും ഇത് ബജറ്റിന്റെ സുതാര്യത നഷ്ടമാക്കുമെന്നും ആയത് അപ്രതീക്ഷിതമായ സമ്മർദ്ദം സർക്കാരിന്റെ സഞ്ചിതനിധിയിൽ സൃഷ്ടിച്ചിരുന്നെന്നും ആയതിനാൽ എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച തുക സർക്കാർ പിൻവലിക്കുന്ന രീതിയെ കമ്മിറ്റി സ്വാഗതം ചെയ്യുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ